എല്ലാവരും ആത്മഹത്യാ മുനമ്പിന്റെ ആഴം ആസ്വാദിക്കുമ്പോഴും ഒരാൾ മാത്രം അലക്ഷ്യമായി മുനമ്പുനോക്കിക്കൊണ്ടുനിന്നു. ഇന്ന് അറിയിപ്പെടുന്ന ഒരു സോഫ്റ്റ്വെയർ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായിരുന്നു അയാൾ. എന്നാൽ മറ്റാർക്കും ഉറ്റസുഹൃത്തുക്കൾക്കുപോലും അറിയാത്ത ഒരുകാര്യമുണ്ട്-അദ്ദേഹത്തിന്റെ മാതാപിതാക്കളുടേയും സഹോദരിയുടേയും മരണം.



മുപ്പതുവർഷങ്ങൾക്കുമുമ്പാണ്. ആരേയും തകർക്കുന്ന സംഭവങ്ങൾ....

സാമാന്യം ഭേദപ്പെട്ട കുടുംബമായിരുന്നു അത്. സിനിമാ പ്രൊഡ്യൂസറായിരുന്ന അച്ഛന്റെ വരുമാനം ആ കുടുംബത്തെ പുലർത്തിവന്നു. വിധി സർവദാ അനുകൂലമായിരിക്കുകയില്ലല്ലോ. യാദൃശ്ചികമായി ഒരു ക്രിമിനൽ കേസിൽ ദൃക്സാക്ഷിയാവേണ്ടിവന്ന അമ്മ. ക്രിമിനൽസിന്റെ നിരന്തരമായ ഭീഷണിയെത്തുടർന്ന് ജീവനൊടുക്കിയത് ഈ മുനമ്പിൽ വച്ചാണ്. പണം കടമെടുത്തിട്ടും അടുപ്പിച്ച് സിനിമകൾ പൊളിഞ്ഞത് അച്ഛനെ കടബാധിതനാക്കി. സ്ത്രീധനം കൊടുക്കാത്തതിന്റെ പേരിൽ ഭർത്താവിന്റെ വീട്ടിൽ നിന്നുള്ള മാനസിക സമ്മർദ്ദത്തിനിരയായ സഹോദരിയും സ്നേഹമയനായ അച്ഛനും അവസാനം ശരണം പ്രാപിച്ചതും ഇവിടെ.

തന്നെ തനിച്ചാക്കിപ്പോയ ആ നിമിഷം ഈ ആത്മഹത്യാ മുനമ്പിൽ വച്ചാണ് താൻ ആസത്യം ചെയ്തത്. പിന്നീട് ഹോട്ടലിന്റെ പിന്നിലും പത്രവിതരണക്കാരനായും മറ്റുമാണ് പഠിത്തം കഴിഞ്ഞുള്ള സമയം താൻ ചിലവിട്ടത്. സ്കോളർഷിപ്പുനേടി ഒരു എൻജിനിയറാകാൻ തന്നെ സഹായിച്ചത് അന്നും ഇന്നുമുള്ള പ്രതീക്ഷമാത്രമാണ്. അതില്ലായിരുന്നെങ്കിൽ ഇതുപോലൊരു മുനമ്പിൽ താനും....

കണ്ണുനിർത്തുള്ളികൾ തുടയ്ക്കുന്നതിനിടയിൽ അയാൾ ചിന്തിച്ചു. തന്റെ മാതാപിതാക്കളും സഹോദരിയും ജീവിതപലായനത്തിനുപയോഗിച്ച ഈ മുനമ്പിനെ ആകാംഷയോടെയാണോ അതോ വികാരഭരിതനായാണോ കാണേണ്ടത് ?

ബസിൽ തിരിച്ചുകയറുന്നതിനിടയിൽ അയാൾ സ്വയം ആശ്വസിച്ചു. പ്രതീക്ഷയോടുള്ള തന്റെ ജീവിതത്തിന് ഇതൊരിക്കലും തടസമാകാതിരിക്കട്ടെ!

**രാകേഷ് പി.ആർ.** (9-സി)

## കാലം

**പോകുന്നു കാലം വരുന്നു കാലം**
**ഒത്തൊരുമിച്ച് വസിച്ച കാലം**
**ആരോ പറഞ്ഞ കടങ്കഥയായ് മാറി**
**സസ്യലതാദികൾ തിങ്ങിയ കാലത്ത്**
**എല്ലാരുമൊന്നിച്ചു കൃഷി ചെയ്ത കാലത്ത്**
**മാനുഷരെല്ലാർക്കുമൊന്നുപോലെ സുഖം**
**പക്ഷിമൃഗാദികൾക്കൊന്നുപോലെ സുഖം**
**സുന്ദരമായൊരു, സുഖകരമായൊരു കാലമല്ലോ അത്**
**കലികാലമെന്നൊരു കാലമല്ലോ ഇത്**
**മാനുഷർ ഒരുമിച്ച് തല്ലിടും കാലം**
**വൃക്ഷലതാദികൾ വെട്ടിടും കാലം**
**തമ്മിലടിപ്പിച്ചു പിരിയുന്ന കാലം**
**തടയുവാനാകില്ല കാലത്തെയാർക്കും**
**സ്വപ്നമായ് മാറുന്ന നല്ലോരു കാലത്തെ**
**ഒരുമിച്ചു നിന്നാൽ സത്യമായ് മാറ്റാം**

**അജിത്ത് കുമാർ. എസ്.**
5-സി

**സ്നേഹമുള്ളിടത്ത് ജീവനുണ്ട്, പകയുള്ളിടത്ത് നാശവും** (ഗാന്ധിജി)

# രാമസ്യ... അയനത്തിലൂടെ



ലേഖനം - ശ്രീമതി ഓമന ഉപേന്ദ്രൻ

ഓം. ശ്രീരാമ രാമ രാമേതി; രമേ രാമേ മനോരമേ!
സഹസ്രനാമതത്തുല്യം, രാമനാമ വരാനനേ!
കുജന്തം രാമരാമേതി; മധുരം മധുരാക്ഷരം !
ആരുഹ്യ കവിതാ ശാഖാം; വന്ദേ വാല്മീകി
കോകിലം !

സന്ധ്യാവേളയിൽ നിലവിളക്കുകത്തിച്ചുവച്ച് പ്രാർത്ഥിക്കുന്ന പതിവ് മുൻകാലത്ത് കേരളീയ ഭവനങ്ങളിൽ ഉണ്ടായിരുന്നു. അതിന് 'രാമനാമം ചൊല്ലുക' എന്നാണ് പറഞ്ഞുപോന്നത്.

"കല്ല്യാണി ബത ഗാഥേയം
ലൗകീകി പ്രതിഭാതിമേ
ഏതി ജീവന്ത മാനന്ദോ
നരം വർഷ ശതാദപി"

കവിതാ ശാഖയിലിരുന്ന് വാല്മീകി കോകിലം പാടിയ, ആ കാവ്യം ഒരു ദേവ ഗീതമായിട്ടില്ല; മറിച്ച് നരജീവിതമായ വേദനകളിലും, അത്മസംഘർഷങ്ങളിലും അടിപതറാതെ, കർത്തവ്യ നിരതനായി ഈഭൂമുഖത്തുകുടി നടന്നുപോയ ലൗകീകമായ ഒരു മനുഷ്യകഥയായിട്ടാണ് നാം കാണേണ്ടത്.

രാമായണം ഒരു ജനതയുടേയോ, ഒരു ദേശത്തിന്റേയോ സ്വത്തല്ല. മനുഷ്യരാശിയുള്ളടത്തോളം കാലം വായിച്ചിയുവാനും, സാരാംശം ഉൾക്കൊള്ളാനും പ്രേരിപ്പിക്കുന്ന ഒരു വിശിഷ്ട ഗ്രന്ഥമാണത്. രാമായണം ജീവിത ചര്യയാണ്. ഒരു മാതൃകാ കുടുംബത്തിന്റെ കഥ. മനുഷ്യൻ ധർമ്മങ്ങൾ അനുഷ്ഠിച്ച ഈശ്വരഭാവം പ്രാപിക്കുന്നതിന്റെ അനുകരണീയമായ വഴിയാണ് അതുകാണിച്ചുതരുന്നത്. നന്മയുടെ തത്വങ്ങളെ കഥാരൂപത്തിൽ, ലളിതമായി അവതരിപ്പിക്കുന്ന രാമായണം, ഏതു വേദാന്തത്തെക്കാളും മഹത്തരമാണ്.

രാമായണ വായനയ്ക്ക് ഏറ്റവും അനുയോജ്യമായ കാലം "കർക്കടമാസം" തന്നെയാണ്. ആളുകളധികം പേരും ഏറ്റവും അധികം പഞ്ഞം അനുഭവിക്കുന്ന കാലം. കാലാവസ്ഥയാകട്ടെ മനസ്സിൽ ശോകവും, ഭീതിയും, ക്ലേശങ്ങളും സൃഷ്ടിക്കുന്നതും. ക്രൂരമായ കാറ്റ് അലറുകയും, പേമാരി പെയ്യുകയും ചെയ്യുന്നകാലം. കഷ്ടപ്പാടുകൾ ഏറുമ്പോൾ, മനുഷ്യമനസ്സിൽ ദുർമ്മാർഗ്ഗ ചിന്തകൾ ചേക്കേറിയേക്കാം.

അപ്പോൾ മന:ശുദ്ധിലഭിക്കാൻ സന്മാർഗ്ഗകഥകൾ സഹായിക്കും. സൽക്കഥാ സംസർഗ്ഗത്തിലൂടെ മനസ്സിനെ ഉദാത്തമാക്കാൻ അങ്ങനെ കർക്കടത്തിൽ അവസരം ലഭിക്കുന്നു. വീടിന്റെ ഉള്ളിനോടൊപ്പം, വീട്ടുകാരുടെ ഉള്ളും ശുദ്ധീകരിക്കുന്ന പവിത്രകർമ്മമാണ് കർക്കടത്തിലെ രാമായണം വായന. കർക്കടകത്തിൽ പാരായണം ചെയ്യുന്നതിന് മറ്റൊരു പ്രധാന്യം കൂടിയുണ്ട്. സൂര്യൻ ഉത്തരായാണം കഴിഞ്ഞ്, ദക്ഷിണായനത്തിനുമുമ്പ്, നേരേകിഴക്കുദിക്കുന്ന ദിവസങ്ങളിലാണീ വായന, സൂര്യവംശോത്ഭവനായ ശ്രീരാമന്റെ ചരിതപാരായണം കർക്കടകത്തിലെ മഹത്തരമായ ഈശ്വരോപാസനയാണ്. ഇതിനും പുറമെ, ദേവവർഗ്ഗത്തിന്റെ മൂവന്തി ആരംഭിക്കുന്നത് കർക്കടകമാസത്തിലാണ്. അവരുടെ പകലിന്റെ ആരംഭം മകരസംക്രമത്തിനും മനുഷ്യരുടെ ഒരു കൊല്ലം, ദേവന്മാർക്ക് രാപ്പകലാണ്, കർക്കടകമാസത്തിൽ രാമായണ പാരയണം നിത്യേന നടത്തുന്നതിന്റെ പ്രസക്തി ഇവിടെയാണ്.

'രാമസ്യ അയനമാണ്' രാമായണം-രാമന്റെ ജീവിതയാത്രയുടെ കഥ. സമസ്ത ജീവിതഭാവങ്ങളുടേയും അക്ഷയഖനിയാണത്. മനുഷ്യവംശത്തിന്റെ തന്നെ ആത്മസംഘർഷങ്ങളുടേയും, സഹനത്തിന്റേയും, സ്നേഹത്തിന്റേയും, വിരഹത്തിന്റേയും കഥയാണത്. രാമൻ ആത്മാരാമനാണ്; മനോഹൃദയങ്ങളെ സന്തോഷിപ്പിക്കുന്നവൻ. സത്യം എന്താണെന്നും, എങ്ങനെയാണ് അതു നിറവേറ്റേണ്ടതെന്നും സ്വജീവിതത്തിലൂടെ ലോകത്തിന് ബോധ്യപ്പെടുത്തുകയായിരുന്നു രാമാവതാരത്തിന്റെ ലക്ഷ്യം. ശ്രീരാമനായവതരിച്ച്, പുത്രധർമ്മവും, സോദരധർമ്മവും, സുഹൃദ്ധർമ്മവും, രാജധർമ്മവും എങ്ങനെ നിർവ്വഹിക്കാമെന്ന്, സ്വജീവിതത്തിലൂടെ ദൃഷ്ടാന്തീകരിക്കുന്നു. അലൗകികമായ കാവ്യമാധുര്യത്തിലൂടെ, രാമൻ ഈശ്വരനായും, മാതൃകാ ഭരണാധികാരിയായും ജനങ്ങളുടെ മനോമണ്ഡലത്തിൽ പ്രതിഷ്ഠ നേടി.

രാമായണത്തിലെ വലിയ സന്ദേശങ്ങളിലൊന്ന് ത്യാഗത്തിന്റെ പവിത്രതയാണ്. പട്ടാഭിഷേകത്തിന് പട്ടുടുത്തപ്പോഴും, വനവാസത്തിന് മരവുരി ധരിച്ച

പ്പോഴും രാമന്റെ മുഖഭാവം, മാനസികനില, വ്യക്തി പ്രഭാവം ഇവയെല്ലാം ഒന്നുപോലെ. കുലമര്യാദയനുസരിച്ചും, ആചാരവിധിപ്രകാരവും, തനിക്ക് അവകാശപ്പെട്ടതും, മഹാരാജാവ് കല്പിച്ചുറപ്പിച്ചതുമായ രാജാധികാരം, കൈകേയിയുടെ വരപ്രാപ്തിയിലൂടെ, നിഷേധിക്കപ്പെടുന്നു എന്നു കാണുമ്പോഴും, അക്ഷോഭ്യനും, അചഞ്ചല ചിത്തനുമായി കാണപ്പെടുന്നരാമൻ ത്യാഗത്തിന്റെ മൂർത്തിമദ്ഭാവമാണ്. തനിക്ക് അർഹതപ്പെട്ട ചെങ്കോലും രാജസിംഹാസനവും, സന്തോഷത്തോടെ ത്യജിച്ച രാമൻ ആദർശവാനും, അനുകരണീയനുമായി മാറുന്നു. പുത്രൻ, സഹോദരൻ, ഭർത്താവ്, ശത്രു എന്നീനിലകളിൽ രാമന്റെ ഉദാരവ്യക്തിത്വം ഓരോ കഥാപാത്രത്തിലും തട്ടി പ്രതിബിംബക്കുകയാണ്. രാമായണത്തിൽ ഇവയിൽ ഏറ്റവും ശ്രേഷ്ഠം ഭരണാധിപനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ അതുല്ല്യമായ മഹത്വമാണ്. മാനവധർമ്മം ലംഘിക്കാതെ, എല്ലാ വ്യക്തിധർമ്മങ്ങളും പാലിച്ച് ജീവിച്ച രാമൻ ജീവിതത്തിന്റെ ഉത്തമമാതൃകയാണ്.

ലോകത്തിലെ ആദ്യത്തെ രാഷ്ട്രീയകൃതി കൂടിയാണ് രാമായണം, വ്യക്തിയും, സമൂഹവും, രാഷ്ട്രവും എങ്ങനെ ജീവിക്കണമെന്ന് രാമായണം ഉദ്ബോധിപ്പിക്കുന്നു. രാമൻഎക്കാലത്തേയും ഭരണാധിപനാണ്, ധാർമ്മിക രാഷ്ട്രീയത്തിന്റെ പ്രയോക്താവാണ്. ജനഹിതം പാലിക്കുന്ന ഭരണാധികാരിയുടെ മാതൃകമാത്രമല്ല. രാമായണത്തിൽ സാധാരണ ജീവിതത്തിൽ നാം പുലർത്തേണ്ട ബന്ധങ്ങളെപ്പറ്റി ഉൾക്കാഴ്ച നൽകുന്ന പലമാതൃകകളും കൊണ്ട് ധന്യമാണ്; ഈ ഇതിഹാസം അച്ഛനോട്, അമ്മയോട്, ഭർത്താവിനോട്, സഹോദരനോട്, വിശ്വസ്ത സുഹൃത്തിനോട്, ശത്രുവിനോടുപോലും പെരുമാറുന്നതിനെപ്പറ്റിയുള്ള മഹനീയ മാതൃകകൾ ഈ വിശുദ്ധ ഗ്രന്ഥത്തിൽ കാണാം.

പക്ഷി മൃഗാദികളോടും, പ്രകൃതിയോടും ഇണങ്ങി, ധർമ്മത്തിൽ നിന്നു വ്യതിചലിക്കാതെ എങ്ങിനെ പുരുഷാർത്ഥങ്ങളായ അർത്ഥകാമാദികൾ അനുഭവിക്കാമെന്ന് രാമായണം നമ്മെ പഠിപ്പിക്കുന്നു. രാമായണത്തിലാകെ നോക്കിയാൽ പക്ഷിക്കും, മൃഗത്തിനും, വൃക്ഷത്തിനും, ഒരു 'പാറ'ക്കഷണത്തിനുപോലും മോക്ഷം കിട്ടുന്നതിന്റെ കഥകൾകാണാൻ കഴിയും" "പാറ" യായിമാറിയ അഹല്യ രാമപാദ സ്പർശത്താൽ മുമുക്ഷുവുമായി എന്നതിനർത്ഥം, പ്രപഞ്ചത്തിലെ അഗണ്യ കോടിയിൽപ്പെട്ട പ്രതിഭാസങ്ങൾകൂടി പരമശാന്തി ലഭിക്കാനുള്ള അവസരം ഒരുക്കുകയെന്നതാണ്. ഋഷിയും, കവിയുമായി മാറിയ കാട്ടാളൻ, ആധിപത്യത്തിന്റെ ഉഗ്രശാസനകളോട് അരുതെന്ന് (മാനിഷാദ) ആജ്ഞാപിക്കുകയാണ് ചെയ്യുന്നത്; ഈ മഹദ് ഗ്രന്ഥത്തിൽ.

മനുഷ്യന്റെ ധർമ്മബോധം, ത്യാഗബോധത്തോട് ഏകീഭവിക്കുമ്പോഴാണ് ഉദാത്തവും, ദൈവീകവുമായി ഭവിക്കുന്നത് എന്നത് രാമായണത്തിന്റെ മുഖ്യസന്ദേശമാണ്. പുത്രധർമ്മമനുഷ്ഠിക്കാൻ രാമൻരാജ്യത്യാഗം ചെയ്യുന്നു; സഹോദര ധർമ്മം നിർവ്വഹിക്കാൻ ലക്ഷ്മണൻ കാട്ടിലേയ്ക്ക് ജ്യേഷ്ഠനെ അനുഗമിക്കുന്നു; ഭരതൻ രാജ്യത്തിന്റെ പ്രതീകമായി, രാമന്റെ പ്രതിനിധിയായി, പാദുകപൂജചെയ്ത് അദ്ദേഹത്തിന്റെ വനവാസകാലത്ത് രാജ്യം ഭരിക്കുകയും, പിന്നീട് കൊട്ടാരം വെടിഞ്ഞ്, സർവ്വസംഗ പരിത്യാഗിയായി നന്ദിഗ്രാമത്തിൽ വ്രതാനുഷ്ഠാനത്തോടെ വസിക്കുകയും ചെയ്യുന്നു. സീത സ്വേച്ഛയാ പത്നീധർമ്മം നിറവേറ്റാൻ വനവാസം വരിച്ച് ഭർത്താവിനെ അനുഗമിക്കുന്നു. ഇത്തരത്തിലുള്ള പരിത്യാഗങ്ങളിൽ അന്തർലീനമായ ധർമ്മബോധം തന്നെയാണ് സീതാപരിത്യാഗത്തിലും കാണേണ്ടത്. ഭർത്തൃധർമ്മവും, രാജധർമ്മവും തമ്മിലുള്ള ഏറ്റുമുട്ടലിൽ, രാജധർമ്മം തന്നെ അത്യുന്നതസ്ഥാനത്ത് നിൽക്കുന്നു. പുത്രദു:ഖം മൂലം മരണം വരിക്കേണ്ടിവന്ന ഒരച്ഛന്റേയും, ആ അച്ഛൻ മനസ്സുനൊന്ത് ഏല്പിച്ച നിയോഗം നിറവേറ്റുന്നതിന്, നിരവധി ക്ലേശങ്ങൾ തരണം ചെയ്യേണ്ടിവന്ന മകന്റേയും കഥയാണ് ആദികവി മധുരമായി പാടിയത്.

അധാർമ്മികതകളുടേയും, ആസുരഭാവങ്ങളുടേയും വിളനിലമായ ഇക്കാലത്ത്, ധാർമ്മിക മൂല്യസ്ഥായിയായ സുഖത്തിനും, സന്തോഷത്തിനും നാം അർഹരല്ലാതായിതീർന്നിരിക്കുന്നു. ലങ്ക സ്വർണ്ണമയമാണ്. രാവണൻ മഹാപ്രതാപിയാണ്. ത്രിലോകങ്ങളേയും കീഴടക്കിയ ആളാണ്. പണ്ഡിതനും, കലാകാരനും, പരമഭക്തനുമാണ്. പക്ഷേ അക്രമങ്ങളുടേയും ഭീകരതയുടേതുമായ "രാവണശൈലിയിൽ" സാത്വികഭാവങ്ങൾക്കു സ്ഥാനമില്ല. പരധനത്തെയും, പരസ്ത്രീയെയും അപഹരിക്കൽ അദ്ദേഹത്തിന്റെ നിത്യകർമ്മമാണ്. നന്മയ്ക്കുവേണ്ടി ഉപയോഗിക്കപ്പെടാത്ത ഏതു സിദ്ധിയും നാശത്തിലേയ്ക്കു മാത്രമേ നയിക്കുകയുള്ളു. അമാനുഷികവും, അസാധാരണവുമായി ലഭിച്ച വരങ്ങളും, സൗകര്യങ്ങളും മറ്റുള്ളവരെ ദ്രോഹിക്കാനാണ് അദ്ദേഹം വിനിയോഗിച്ചത്.

സ്വാർത്ഥ താല്പര്യങ്ങളെക്കുറിച്ചെങ്കിലും വെടിഞ്ഞ്, ആത്മബോധത്തോടും ഈശ്വരാർപ്പണഭാവത്തോടും കൂടി സൃഷ്ടിയെ മുഴുവൻ സ്നേഹിക്കാനും ആദരിക്കാനും, സേവിക്കാനും നാം പഠിക്കണം. അതിനുള്ള പ്രചോദനം തരുവാൻ ഇന്നും രാമായണത്തിനു കഴിയും എന്നുള്ളതാണ് രാമായണ

ത്തിന്റെ ആനുകാലിക പ്രസക്തിക്കുപിന്നിലുള്ള രഹസ്യം. അധികാരത്തിലിരിക്കുന്നവർ ആരോപണങ്ങളെ നേരിടുന്നതിനെപറ്റിയുള്ള സൂചനയാണ് സീതാപരിത്യാഗത്തിലുള്ളത്. രാജധർമ്മപരിപാലനത്തിനുവേണ്ടി, പരമാധികാരിയുടെ മുൻഗണനകൾ എങ്ങനെ നിശ്ചയിക്കണമെന്നതിന് മഹത്തായ മാതൃകയാണ് ശ്രീരാമൻ കാട്ടിത്തരുന്നത്. രാജധർമ്മത്തിന്റെ പൂർണ്ണ നിർവ്വഹണത്തിൽ സ്വാർത്ഥതയ്ക്ക് സ്ഥാനമില്ല. "എനിക്ക് വേണം" " എനിക്ക് വേണം" എന്ന സ്വാർത്ഥചിന്തയാണ്. ഇന്ന് എല്ലാ ദു:ഖത്തിനും കാരണം. എന്നാൽ രാമായണത്തിൽ നമ്മൾ മുഴങ്ങികേൾക്കുന്ന ഒരു മന്ത്രമാണ്. "എനിക്ക് വേണ്ട" എന്നത്. ശ്രീരാമചന്ദ്രന് സിംഹാസസനം നിഷേധിച്ചപ്പോൾ അനുജൻ ഭരതൻ പറഞ്ഞു. "എനിക്കുവേണ്ട ആ സിംഹാസനം". ലക്ഷ്മണനും, ശത്രുഘ്നനും ഒരേസ്വരത്തിൽ പറഞ്ഞു, "ഞങ്ങൾക്കും വേണ്ട ആ രാജസിംഹാസനം" സീതാദേവി പറഞ്ഞു. "രാമദേവനില്ലാത്ത കൊട്ടാരം എനിക്കും വേണ്ട" എന്ന് രാമകഥ കേൾക്കുന്ന കുടുംബത്തിൽ സഹോദരസ്നേഹം വർദ്ധിക്കും. ഭാര്യാ-ഭർതൃബന്ധം സുദൃഢമാകും. യജമാന-പരിചാരക ബന്ധം മാതൃകാപരമാകും, പിതൃ-മാതൃ-പുത്ര ബന്ധം മഹനീയമാകും. മര്യാദപുരുഷോത്തമനായ ഒരാൾ എങ്ങനെ ജീവിക്കണമെന്നും, ധർമ്മിഷ്ഠരായ കുടുംബാംഗങ്ങൾ എങ്ങനെ പെരുമാറണമെന്നും ഉദ്ബോധിപ്പിക്കുന്ന മൃതസഞ്ജീവനിയാണ് രാമായണം. കുലധർമ്മത്തെ കൈവെടിയരുതെന്നാണ് ഇന്നത്തെ സമൂഹത്തിന് രാമായണം നൽകുന്ന സന്ദേശം. ഈശ്വരനിൽ എപ്പോഴും ശരണം പ്രാപിക്കണം. ധർമ്മം കൈവിട്ടാൽ എല്ലാ നാശങ്ങൾക്കും കാരണമാകും എന്ന മുന്നറിയിപ്പുകൂടി ഉണ്ടതിൽ.

കള്ള കർക്കിടകത്തിൽ മന:ശാന്തിയും, ദേഹാരോഗ്യവും അവതാളത്തിലാകുന്ന സാഹചര്യത്തിൽ, മനസ്സിന്റെ ദു:ഖഭാരങ്ങൾ ഇറക്കി വയ്ക്കാനും, ധർമ്മബോധം നിലനിർത്തി, ഈശ്വര സ്മരണയിലേർപ്പെടാനുമുള്ള ഒരു സുഖചികിത്സയാണ് രാമായണ പാരായണം. കർക്കടികമാസത്തിൽ നമുക്ക് മനസ്സിൽ ഉൾക്കൊള്ളാവുന്ന ഭഗവാന്റെ സന്ദേശമിതാണ്.

"സകൃതദേവപ്രപന്നായ
തവാസ്മീതി ച യാചതേ!
അഭയം സർവ്വഭൂതേഭ്യോ
ദദാമ്യേതത് വ്രതം മമ!"

അർത്ഥം : ഒരിക്കലെങ്കിലും എന്നെ ശരണം പ്രാപിക്കുന്നവർക്ക് എല്ലാ ഭൂതപ്രാണികളിൽ നിന്നും ഞാൻ അഭയം നൽകുന്നു. ഇതെന്റെ വ്രതമാകുന്നു.

.........................ജയ്ശ്രീരാം..........................

# കടങ്കഥകൾ......ം ം ം

1. അകത്തറുത്താൽ പുറത്തറിയാം - ചക്ക
2. അടി മുള്ള്, നടു കാട്, തല പൂവ് - പൂവൻകോഴി
3. അടി പാറ, നടു തൂണ്, തല തൂപ്പ് - ചേന
4. ആനക്കൊമ്പിൽ നെടിയരി നിറയെ - തെങ്ങിൻ പൂക്കോല
5. ആദ്യമൊരുകുന്തം പിന്നെയൊരു കുഴല് പിന്നെയൊരു പായ - വാഴയില
6. ഇട്ടാൽപ്പൊട്ടാത്ത കിങ്ങിണിമുട്ട - കടുക്
7. ഉറങ്ങും കണ്ണടയ്ക്കില്ല - മീൻ, മത്സ്യം
8. ഒന്നു പെറ്റ് പേറുമാറ്റി - വാഴ, മുള
9. കടകത്തിച്ചു തലകുത്തിച്ചു - നെല്ല്
10. കടാ കടാ കുടു കുടു നടുവിലോ പാതാളം - ആട്ടുകല്ല്
11. മുകളിൽ കാട്, അടിയിൽ പാറ, നടുവിൽ ചോറ് - തല
12. കാടുണ്ട് കടുവയില്ല, വീടുണ്ട്, വീട്ടാരില്ല, കുളമുണ്ട്, മീനില്ല - തേങ്ങ
13. അറയ്ക്കകത്ത് വെള്ളപ്പടി - വാഴപ്പിണ്ടി

**വിഷ്ണു നാരായണൻ** (6 ബി)

**സ്നേഹമുള്ളിടത്ത് ജീവനുണ്ട്, പകയുള്ളിടത്ത് നാശവും** (ഗാന്ധിജി)

# രാജകുമാരനും തത്തയും

വീരപുരയിലെ രാജാവായിരുന്നു വീരസിംഹൻ. വീരസിംഹന് നാല് മക്കളാണ് ഉണ്ടായിരുന്നത്. കാലങ്ങൾ കഴിഞ്ഞു. വീരസിംഹന് വയസ്സായി. തനിക്ക് ശേഷം രാജ്യം ഭരിക്കാൻ ഒരാൾ വേണ്ടേ ? അവരെ എങ്ങനെ കണ്ടുപിടിക്കാനാകും ? അദ്ദേഹം മന്ത്രിയോട് കാര്യങ്ങളെല്ലാം പറഞ്ഞു. വളരെ ബുദ്ധിമാനായിരുന്നു മന്ത്രി. മന്ത്രി അദ്ദേഹത്തിന് ഒരുസൂത്രം പറഞ്ഞുകൊടുത്തു. അത് ശരിയാണെന്ന് രാജാവിന് തോന്നി. പിറ്റേന്ന് രാവിലെ വീരസിംഹൻ തന്റെ മക്കളെ വിളിച്ചുവരുത്തി. എന്നിട്ട് മക്കളോട് പറഞ്ഞു. "നിങ്ങൾ നോക്കൂ എന്താണ് മന്ത്രി കൊണ്ടുവരുന്നത് ? രാജകുമാരന്മാർ ഒരേ സ്വരത്തിൽ പറഞ്ഞു. "ഇത് തത്തയാണ്." അപ്പോൾ രാജാവ് പറഞ്ഞു. ഇപ്പോൾ ഈ തത്ത വളരെ വിഷമത്തിലാണ്. ആര് എന്തുചെയ്യുമ്പോഴാണ് ഈ തത്ത സന്തോഷിക്കുന്നത് എന്നു നോക്കാം. അവർക്ക് രാജ്യം ഭരിക്കാം. അങ്ങനെ തത്തയേയും അതോടൊപ്പം സ്വർണ്ണക്കൂടിനേയും അവർ മക്കളുടെ മുമ്പിൽവച്ചു. അപ്പോൾതന്നെ മൂത്ത മകൻ അതിനെ സ്വർണ്ണക്കൂടിൽ അടച്ചു. പക്ഷേ ഫലമുണ്ടായില്ല. രണ്ടാമത്തെ മകന്റെ ഊഴം എത്തി. അവൻ അതിന് തിന്നാൻ നല്ല പഴവും, പേരക്കയും കൊടുത്തു പക്ഷേ തത്ത സന്തോഷിച്ചിരുന്നില്ല. മൂന്നാമത്തെ മകൻ അതിന് കുടിക്കാൻ പാൽ കൊടുത്തു. അത് പാലിലേക്ക് നോക്കിയത് പോലുമില്ല. ഇളയ മകൻ തത്തയെ തുറന്നുവിട്ടു. അപ്പോൾ തത്ത സന്തോഷിച്ചു. തങ്ങൾക്ക് പറ്റിയ അമളി അപ്പോഴാണ് അവർക്ക് മനസ്സിലായത്. എന്തുപറയുന്നു. അങ്ങനെ ഇളയ രാജകുമാരനായ കുമരൻ വീരപുരിയിലെ രാജാവായി വളരെക്കാലം ജീവിച്ചു. എങ്കിലും അവർ സഹോദരങ്ങളെ മറന്നില്ല. ഭരണകാര്യങ്ങളിൽ അവരെയും പങ്കാളിയാക്കി. അങ്ങനെ സന്തോഷത്തോട് കൂടി ജീവിച്ചു.

**സഫാമോൾ കെ.എ. (6-സി )**

---

## മരം

പൂമലർ വാടിയിൽ വാസന്ത തിങ്കളായ്
ആടിക്കളിക്കുന്ന പൂമരമേ
ആടിയുലയുന്ന നിന്നുടെ കൈകകളിൽ
ചേർന്നങ്ങു പാടുന്ന പക്ഷികളെ
പാവമാം പൂമരം ചൊല്ലുന്ന കാര്യങ്ങൾ
നീയെന്തിനിന്നു മറന്നിടുന്നു
മഴകൊണ്ടും വെയിൽകൊണ്ടും തളരാതെ നിൽക്കുന്ന
പ്രകൃതി തൻ സൗന്ദര്യ ലാവണ്യമേ
നിന്നുടെ സാന്ത്വനം തേടിയെത്തുന്നൊരീ
പുന്നാര മക്കളെ തള്ളിടാതെ
തണലേകി കാറ്റേകി തഴുകി തലോടുന്ന
പ്രകൃതി തൻ ഭാഗമാം പൂമരമേ

## പനിനീർപ്പൂവ്

സ്നേഹത്തിൻ പനിനീർപ്പൂക്കൾ
മഴവിൽ തൻ മാധുര്യവുമായ്,
കുളിർക്കാറ്റിൻ ഈണവുമായ്
എൻ മനസ്സിൽ തങ്ങിനിൽക്കുമ്പോൾ
പ്രകൃതിതൻ വരദാനമാം നിന്നെനോക്കി
എൻ മനം മന്ത്രിക്കുന്നു
"ഹേയ് സുന്ദരീ, എക്കാലവും
സമസ്ത ജീവജാലങ്ങളുടേയും
മനസ്സിൽ വെളിച്ചമായ്
നീയെന്നും ശോഭിക്കട്ടെ"

**ആയിരംപേരെ ആയിരം യുദ്ധങ്ങളിൽ ജയിക്കുന്നതിനേക്കാൾ സ്വയം ജയിക്കുന്നതാണ് വിജയം** (ബുദ്ധൻ)

# വെളുത്ത ദുപ്പട്ട

എന്റെ പഠനമുറിയിലെ ഷോക്കേസിൽ ഒരു വെളുത്ത ദുപ്പട്ട ഞാൻ സൂക്ഷിച്ചിരിക്കുന്നു. വേർപാടിന്റെ വേദനയും മരണത്തിന്റെ ദു:ഖവും ഒരു മർക്കടനിയമം പോലെ ആ വെളുപ്പിനെ അള്ളിപ്പിടിച്ചിരിക്കുന്നു. വെളുപ്പ് ദു:ഖത്തിന്റെ നിറമാണോ? ഈ വെളുത്ത ദുപ്പട്ട എങ്ങിനെ അവിടെ എത്തി എന്നല്ലേ? അത് എനിക്ക് എന്റെ പ്രിയപ്പെട്ട കൂട്ടുകാരി പ്രിയ സമ്മാനിച്ചതാണ്. നീണ്ടപുരികവും വട്ടക്കണ്ണുകളും ഓമനത്തം നിറഞ്ഞമുഖവുമുള്ള അവൾ എന്റെ അമ്മയുടെ നാട്ടിലെ കൂട്ടുകാരിയാണ്. അവധിക്കാലങ്ങളിൽ ഞാൻ അമ്മയുടെ നാട്ടിൽ പോകുമ്പോൾ കുറേ ദിവസം എന്നോടൊപ്പം അവൾ ചിലവഴിക്കുക പതിവായിരുന്നു. എന്റെ അമ്മയുടെ കൂട്ടുകാരിയുടെ മകൾ എന്നതിലുപരി അവൾ എന്റെ കൂട്ടുകാരിയും ഗുരുവും മാർഗ്ഗദർശിയുമായിരുന്നു. പലപ്പോഴും അവളിൽ പ്രായത്തിൽ കവിഞ്ഞ പക്വത തിളങ്ങിനിന്നിരുന്നു.

ഐ.ടി. എന്നതിന്റെ പൂർണ്ണരൂപം എനിക്ക് പകർന്ന് തന്നതും, വിമോചനവൈദ്യശാസ്ത്രത്തിന്റെ അർത്ഥം മനസ്സിലാക്കിതന്നതും, വർണ്ണവെറിയൻ ഭരണകൂടത്തിന്റെ രോഷത്തിൽ ദക്ഷിണാഫ്രിക്കയിലെ പോൾസ്മൂർ ജയിലിന്റെ കാരിരുമ്പുകൾക്കുള്ളിൽ കഴിയുന്ന നെൽസൺമണ്ടേല എന്ന ത്യാഗധനന്റെ ചരിത്രം വിവരിച്ചു തന്നതും അവൾ തന്നെയാണ്. അവധിക്കാലത്ത് ഞാൻ അമ്മയുടെ നാട്ടിൽ എത്തുമ്പോൾ അവളുടെ ഒപ്പം പാർക്കിൽ പോവുക പതിവായിരുന്നു. കൈകോർത്തുപിടിച്ചും തോളോടു തോളുരുമ്മിയും പലതും പറഞ്ഞും ചിരിച്ചു ഞങ്ങൾ



പാർക്കിനുള്ളിൽ നടന്നു. ഇവിടെ എന്റെ കൂടെ പഠിക്കണം എന്നായിരുന്നു അവളുടെ ആഗ്രഹം. ഏറ്റവും ഒടുവിൽ അവളെ കാണാൻ ചെന്നപ്പോൾ ഒരു വെളുത്ത ദുപ്പട്ട അവൾ എനിക്ക് സമ്മാനിച്ചു. എന്നിട്ട് പറഞ്ഞു ഇത് എന്റെ ഓർമ്മക്കാണ്.

ഒട്ടും നിനിച്ചിരിക്കാതെയാണ് ഒരു ദിവസം അവളുടെ പിതാവിന്റെ തറവാട്ടിൽ നിന്നും ഒരു ഫോൺ വന്നത്. പ്രിയ മരിച്ചു. തളിക്കുളം വാടാനപ്പിള്ളി ആശുപത്രിയിൽ വച്ചായിരുന്നു. ലൂക്കോമിയ ആയിരുന്നു ഉറക്കച്ചടവിൽ നിന്നും ഞെട്ടിയുണർന്ന എന്റെ മനസ്സിൽ ഒരു കൊള്ളിമീൻ മിന്നിച്ചവൾ കടന്നുപോയല്ലോ. എന്റെ ശരീരത്തിലെ ഓരോ അണുവും മരിച്ചു. ഞാൻ വികാരശൂന്യയായി.

അവളുടെ അമ്മയെ സാന്ത്വനിപ്പിക്കാനായി ചെന്ന ഞാൻ ഒരു സാന്ത്വനവാക്കുപോലും പറയാൻ കഴിയാതെയാണ് വീട് വിട്ടിറങ്ങിയത്. ഒന്ന് തിരിഞ്ഞു നോക്കാൻ പോലുമുള്ള കരുത്തുണ്ടായിരുന്നില്ല. തിരിഞ്ഞു നോക്കിയാൽ അമ്മയുടെ വിടപറയുന്ന മുഖം കണ്ടാൽ അടക്കിപിടിച്ചിരിക്കുന്ന എന്റെ കണ്ണീർ അണപൊട്ടി ഒഴുകുകയായിരുന്നു.

ഇനിയുള്ള അവധിക്കാലങ്ങളിൽ പാർക്കിൽ കൈകോർത്തുപിടിച്ചുനടക്കാനും, ഉത്സവത്തിനും എനിക്ക് തുണയായി അവൾ ഉണ്ടാകില്ലല്ലോ, വേർപാടിന്റെ വേദനയും മരണത്തിന്റെ ദു:ഖവും എന്നെ സദാ അസ്വസ്ഥയാക്കിക്കൊണ്ട് അവൾ സമ്മാനിച്ച വെളുത്ത ദുപ്പട്ട എന്റെ പഠനമുറിയിൽ ഇപ്പോഴും സൂക്ഷിച്ചിരിക്കുന്നു.

**അഖില ഇ.എ.** (10-ഡി)

# സൂര്യൻ

ഇരുളിനെ കീറിമുറിച്ചു നീ പൊട്ടി വിടരും പ്രഭാതത്തിൽ
നിൻ പൊൻ കിരണങ്ങളേറ്റു തിളങ്ങുമീ പ്രപഞ്ചം
ഹാ! എത്ര സുന്ദരം അനന്തമാം സാഗര-
താഴ്വരയിലേക്കിറങ്ങി രാത്രി നിൻ തിരശ്ശീലയിൽ
മുത്തുപോകും സൂര്യദേവാ. ഇരുളിനെ കീറിമുറിച്ചു നീ
പൊട്ടി വിടർത്തും പ്രഭാതത്തിൽ നിൻ പൊൻ കിരണങ്ങളേറ്റു
തിളങ്ങുമീ പ്രപഞ്ചം ഹാ! എത്ര സുന്ദരം.

**വിനയ കെ.സുരേഷ്** (5 ബി)



# Budding Creativity





# മലയാള സാഹിത്യ ചരിത്രം

നമ്മുടെ മാതൃഭാഷയാണ് മലയാളം, ദ്രാവിഡ ഭാഷാ കുടുംബത്തിലെ നാലു ഭാഷകളിൽ പ്രധാനപ്പെട്ടതാണ് മലയാളം. കാസർഗോഡു മുതൽ പാറശ്ശാലവരെ, സഹ്യപർവ്വതത്തിനും അറബിക്കടലിനും ഇടയിൽ ഈ ഭാഷ സംസാരിക്കപ്പെട്ടുവരുന്നു. ദ്രാവിഡ ഭാഷകളുടെ കൂട്ടത്തിൽ, തമിഴിനോടാണു മലയാളത്തിന് ഏറ്റവും അടുത്ത ബന്ധം.

എന്നാണ് ഒരു സ്വതന്ത്രഭാഷ എന്ന നിലയിൽ മലയാളം ഉരുത്തിരിഞ്ഞത് എന്ന പ്രശ്നത്തെക്കുറിച്ചു ചരിത്രവും ഭാഷാശാസ്ത്രപരവുമായ കുറേ പഠനങ്ങൾ നടന്നിട്ടുണ്ട്. ഭാഷാശാസ്ത്രപഠനം, വസ്തുനിഷ്ഠമായി ആരംഭിച്ചതോടെയാണ് എല്ലാവരും ഈ പ്രശ്നം കൈകാര്യം ചെയ്തു തുടങ്ങിയത്.

മലയാളത്തിന്റെ ഉൽപ്പത്തി

മലയാളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ച് ഉള്ള വാദങ്ങളെ, മൂന്നു ശീർഷകങ്ങൾക്കു താഴെസംഗ്രഹിക്കാം. മലയാളം തമിഴിൽ നിന്നും ഉൽഭവിച്ചു. തമിഴിനും മലയാളത്തിനും ജന്മം നൽകിയത് ഒരു ഭാഷയാണ്. സംസ്കൃതത്തിൽ നിന്നാണു മലയാളം പിറന്നത്; ഇവയാണു വാദങ്ങൾ. ദേവഭാഷയായ സംസ്കൃത്തിൽ നിന്നും മറ്റെല്ലാം ഭാഷകളും പോലെ മലയാളവും ജനിച്ചു എന്ന വാദം ഇന്നാരും ശാസ്ത്രീയപഠനമായി കരുതുന്നില്ല. എന്നാൽ ഡോ. ഹെർമൻ ഗുണ്ടർട്ട്, ഉള്ളൂർ എസ്. പരമേശ്വരയ്യർ എന്നിവരുടെ നിഗമനം, തമിഴിന്റെ പ്രാദേശിക രൂപങ്ങളിലൊന്നു മലയാളമായി പരിണമിച്ചു എന്നല്ല, തമിഴിനും മലയാളത്തിനും ജന്മം നൽകിയ ഒരു പൊതുഭാഷ ഉണ്ടായിരുന്നു എന്നാണ്. പഴഞ്ചൊല്ലുകൾ, ശലാസനങ്ങൾ എന്നിവയെ ആസ്പദമാക്കിയും ചില പഠനങ്ങൾ നടന്നിട്ടുണ്ട്.

'തമിഴിന്റെ പുത്രിയല്ല; സഹോദരിയാണു മലയാളം' എന്ന വാദത്തിനാണ് ഇന്നും പ്രാമാണ്യം രാജഭാഷയും ഭരണഭാഷയും ആയിരുന്ന തമിഴിനെ, എ.ഡി. 9-12 നൂറ്റാണ്ടുകളിൽ ഇന്നാട്ടിൽ സംസാരിച്ചിരുന്ന ഭാഷ അടിപ്പെടുത്തി, ഇന്നത്തെ മലയാളത്തിന്റെ വ്യക്തിത്വം ക്രമേണ സ്ഥാപിതമായി എന്ന 'ഭാഷാസംക്രമണവാദം' ശ്രദ്ധേയമാകുന്നു.

നാടൻ പാട്ടുകൾ

സാഹിത്യ കൃതികൾ ഉരുത്തിരിഞ്ഞുവരുന്നതിന് എത്രയോ മുൻപുതന്നെ, ഏതു സാഹിത്യത്തിലേതും പോലെ മലയാളത്തിലും നാടൻ പാട്ടുകളുടെ ഒരു വലിയശേഖരം ഉണ്ടായിരുന്നു. കലർപ്പോടുകൂടി മാത്രമേ അതിലെ ഏറ്റവും പ്രാക്തന രൂപം പോലും നമുക്കുകിട്ടിയിട്ടുള്ളു. നാഗാരാധനയോടു ബന്ധപ്പെട്ട പാട്ടുകൾ, കൈത്തൊഴിലികളോടും കൃഷിയോടും ബന്ധപ്പെട്ട പാട്ടുകൾ, പ്രേമഗാനങ്ങൾ, അർത്ഥശൂന്യമായ പാട്ടുകൾ, താരാട്ടുപാട്ടുകൾ, തുയിലുണർത്തു പാട്ടുകൾ, കല്ല്യാണപ്പാട്ടുകൾ, ഓണപ്പാട്ടുകൾ എന്നിവയൊക്കെ നാടൻപാട്ടുകൾക്ക് ഉദാഹരണമാണ്.

വടക്കൻ പാട്ടുകൾ

വീരഗാഥകളായ വടക്കൻ പാട്ടുകൾ, കളരിയുടെയും മെയ്യഭ്യാസത്തിന്റെയും സംസ്ക്കാരം ആവിഷ്ക്കരിക്കുന്നു. നാലഞ്ചുനൂറ്റാണ്ടുകൾ പഴക്കം അവകാശപ്പെടുന്ന ചില വടക്കൻ പാട്ടുകളുണ്ട്. ഭാഷയുടെ ഉൽപത്തിയിലേക്കും, വളർച്ചയിലേക്കും, നാടുവാഴിത്തത്തിന്റെ വികാസപരിണാമങ്ങളിലേക്കും, സാമൂഹികാചാരങ്ങളിലേക്കും, വടക്കൻ പാട്ടുകൾ ഏറെ വെളിച്ചം വീശുന്നുണ്ട്.

ആരോമൽച്ചേകവരും, അരിങ്ങോടരും, ഉണ്ണിയാർച്ചയും, ഓതേനനും, പുത്തൂരംവീടും, ലോകനാർകാവും, വടക്കൻ മലബാറിൽ കുരുത്ത ആയുധസംസ്ക്കാരത്തിന്റെ ഒളിതിരളുന്നവയാണ്.

തെക്കൻ പാട്ടുകൾ

വടക്കൻ പാട്ടുകളോളം പ്രശസ്തിയില്ലെങ്കിലും തെക്കൻപാട്ടുകൾ ഭാഷാ ശാസ്ത്രപരവും ചരിത്രപരവുമായ സവിശേഷതകൾ ഉൾക്കൊള്ളുന്നവയാണ്. ഇരവിക്കുട്ടിപ്പിള്ളപ്പോര്, കന്നടിയാൻ പോര്, എന്നിവ മികച്ച തെക്കൻപാട്ടുകൾ ആകുന്നു.

മലബാറിലെ മുസ്ലീങ്ങളുടെ ഇടയിൽ അതിപ്രചാരം നേടിയിട്ടുള്ള മാപ്പിളപ്പാട്ടുകൾ ഗാനരീതികൊണ്ടും അറബി പദ സമ്പർക്കം കൊണ്ടുമാത്രമല്ല, കവിതാ സൗഭാഗ്യം കൊണ്ടും ശ്രദ്ധേയമാണ്. നാടൻ പാട്ടുകളിലെ വൃത്ത വൈവിധ്യം, നമ്മുടെ പിൽക്കാല കവിതയെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. സാംസ്ക്കാരിക ചരിത്രം പഠിക്കുന്നവർ ഇനിയും അന്വേഷിക്കേണ്ട നിരവധി ഖനികൾ നാടൻ പാട്ടിലുണ്ട്.

നമ്മുടെ നാടൻപാട്ടുകളും മലയാണ്മയും നാവിൽനിന്നും അകന്നുകൊണ്ടിരിക്കുന്നു. നല്ല മലയാളം എഴുതാനോ വായിക്കാനോ പറയാനോ പലർക്കും ഇന്ന് അറിയില്ല. ഭാഷായുടെ അടിസ്ഥാനതത്വങ്ങൾ പലർക്കും അറിയില്ല എന്നതാണ് ഈ ദു:സ്ഥിതിക്ക് പ്രധാനകാരണം. അതിനാൽ നാം മലയാളഭാഷയെ അറിയാനും സ്നേഹിക്കാനും പരിശ്രമിക്കണം.

**പാർവ്വതി എ.എസ്.**
10-എ



# നഷ്ടപ്പെടുന്ന വനങ്ങൾ

നേരം പുലർന്നു, ഞാൻ എഴുന്നേറ്റു നോക്കുമ്പോൾ അയൽവീട്ടിലെ വരിക്കപ്ലാവിനു മുന്നിൽ കോടാലിയും കയറും അറക്കവാളുമായി കുറേപേർ, അവർ ആ മരം വെട്ടാനൊരുങ്ങുകയാണ്. എനിക്ക് വളരെ അസഹ്യതയനുഭവപ്പെട്ടു. കുറയേറെ ചക്കപ്പഴം എനിക്കു സമ്മാനിച്ച ആ മരം ഇന്ന്....... മനുഷ്യർ എത്ര ക്രൂരനാണ്. മനുഷ്യർ മരങ്ങളോട് ചെയ്യുന്ന ഈ ക്രൂരതകണ്ട് നഷ്ടമാകുന്നത് അവന്റെ പ്രാണവായുവാണ്. നമുക്ക് പലതും തരുന്ന മരങ്ങളോട് കാട്ടുന്ന ഈ ക്രൂരത ശരിയാണോ ? മനുഷ്യൻ ഈ ക്രൂരതകൾ പൂർവബോധത്തോടുകൂടിയാണ് ചെയ്യുന്നത്. "സമ്പത്ത് കാലത്ത് തൈപത്ത് വച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം"-എന്ന ചൊല്ല് മനുഷ്യമനസ്സിനെ സ്പർശിച്ചിട്ടേയില്ല. സമ്പത്ത് കാലത്ത് 'തൈപത്തു' വയ്ക്കുന്നുമില്ല ഉള്ളതെല്ലാം വിറ്റ് കാശാക്കുകയും ചെയ്യുന്നു. മരങ്ങൾക്ക് വംശനാശം സംഭവിച്ചാൽ മനുഷ്യന്റെ *ഗതിയോ ? ഏതൊരു രാജ്യത്തിന്റേയും 31%* വനം ആയിരിക്കണം എന്നാണ് കണക്ക് വികസിത രാജ്യങ്ങൾ പോലും ഈ കണക്കുകൾ തെറ്റിക്കുന്നില്ല എന്നാൽ വികസ്വര രാജ്യമായ ഇന്ത്യയിൽ വെറും 21% മാത്രമേ വനം കാണപ്പെടുന്നുള്ളു. വൃക്ഷങ്ങൾ നടുകയും പരിപാലിക്കുകയും ചെയ്യേണ്ടത് ഓരോ മനുഷ്യന്റേയും കടമയാണ്. അതിനാൽ കർത്തവ്യ നിരതരാകു. ഭാവിയെ സുരക്ഷിതമാക്കൂ.

**വിഷ്ണു പീതാംബരൻ**
(6-സി)

# സ്നേഹമുള്ള കിളി

ഒരിടത്ത് മീനു എന്ന് പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൾക്ക് കൂട്ടുകാരൊന്നുമില്ല. അവൾക്ക് ഒരു കുടയുണ്ട്. ആ കുട മീനുവിന് നല്ല ഇഷ്ടമാണ്. ഒരു ദിവസം മീനു ഇങ്ങനെ ആലോചിച്ചു. പുറത്തിറങ്ങിയാൽ കൂട്ടുകാരെ വല്ലോ കിട്ടും. എന്നവൾ വിചാരിച്ചു. അവൾ പുറത്തിറങ്ങി. അപ്പോൾ അവൾ മഴക്കാർ കണ്ടു. അവൾ കുട നിവർത്തി. മഴപെയ്തപ്പോൾ കാറ്റും വീശി. മീനുവിന്റെ കുട പറന്നുപോയി. മീനുവിന് വിഷമമായി. അപ്പോൾ ഒരു കിളി അവിടെ വന്നു. അപ്പോൾ മീനു കിളിയോടു ചോദിച്ചു. "നിന്റെ പേരെന്താ കിളി ?" കിളി പറഞ്ഞു എന്റെ പേര് നീനുവെന്നാണ്. നിന്റെ കുട ഞാൻ കണ്ടു. ആ മരത്തിന്റെ കൊമ്പിലാണ്. മീനു പറഞ്ഞു. ശരി നമുക്ക് അങ്ങോട്ട് പോകാം. അപ്പോൾ നീനു ചോദിച്ചു. നിനക്ക് മരത്തിൽ കയറാനറിയുമോ ? മീനു പറഞ്ഞു, ഒരു വിധം അറിയാം അവർ പോയി. ആ കുടയെടുത്തു. അപ്പോൾ നീനുവിന്റെ അച്ഛനുമമ്മയും വന്നു. അപ്പോൾ മീനു പറഞ്ഞു, നിങ്ങളുടെ കുട്ടി എന്റെ കുട കണ്ടു പിടിച്ചുതന്നു. അതുകൊണ്ട് നിങ്ങൾ എന്റെ വീട്ടിൽ താമസിക്കുമോ ? അപ്പോൾ അവർ ആദ്യം സമ്മതിച്ചില്ല. പിന്നെ അവർ സമ്മതിച്ചു. അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു.

**അഭിരാമി എം.എസ്.**
3-ബി



**നല്ലവാക്ക്, നല്ല ചിന്ത, നല്ല പ്രവർത്തി ഇവയാണ് ഒരുവനിൽ പ്രകടമാകേണ്ടത്.**

# മഴ



മഴ വരാൻ വൈകുമ്പോൾ
വീഥിയിൽ മിഴിപാകി ഞാനിന്നിരിക്കുമ്പോൾ
വേനലിൽ തേൻതുള്ളിയാണീമഴ
ഉരുകുന്ന വേനലിൽ തണലാണീമഴ
സസ്യജാലങ്ങളുടെ പ്രതീക്ഷയാണീ മഴ
വേനലിൽ മരണത്തെ ഓർത്തോർത്ത്
ഞാനിന്നിരിക്കുമ്പോൾ
വേനലിൽ തേൻ തുള്ളിയാണീമഴ
മാറിമറിയുന്ന ഋതു സംക്രമ ഭൂമിയിൽ
വഴിതെറ്റിവന്നിടുന്ന കാലചക്രങ്ങൾക്ക്
ഒരു ചെറുകുളിരുപോൽ മാറിയെത്തീടുന്നു
മലയെ മറിക്കും കൊടുങ്കാറ്റും വീശുന്നു
ഇടി വെട്ടി മഴ പെയ്തു തുടങ്ങുന്നു
ഭൂമിയെ തണുപ്പിച്ച് ജീവൻ തുടിപ്പിച്ച്
ഒരു തേൻ തുള്ളിപോൽ പെയ്തൊഴിഞ്ഞുമഴ

**അശ്വതി** (9-സി)

# സ്വർണ്ണത്താമര

വികൃതമായ പൂന്തോട്ടങ്ങളും
അതിഭീമമായ ഗേഹവും
എണ്ണിയാലൊടുങ്ങാത്ത മുറികളും
എണ്ണിയാലൊടുങ്ങാത്ത ചിത്രങ്ങളും
നിറം മങ്ങിയ ചുമരുകളും
കാലപ്പഴക്കത്തിന്റെ കൈമുദ്രകളും
കൊട്ടം ചൂട്ടം പൊടിപടലവും
വീട്ടിൽ താമസിക്കുന്നതോ അതിസുന്ദരി
സുന്ദരിയോടൊപ്പം കാറ്റും

**കൃഷ്ണ ഉദയകുമാർ**
9-സി



# വണ്ട്

വണ്ട വണ്ടേ
ചുവന്ന നിറമുള്ള വണ്ടേ
നീ എത്ര പൂവ് കണ്ടു ?
നീ എത്ര തേൻ കുടിച്ചു ?
വണ്ടേ വണ്ടേ
ചുവന്ന നിറമുള്ള വണ്ടേ
നിനക്കെത്ര കാലുണ്ട് ?
നിനക്കെത്ര നിറമുണ്ട് ?
വണ്ടേ വണ്ടേ

**അഭിരാമി എം.എസ്.**
3-ബി



**നിങ്ങൾക്ക് വേണ്ടാത്തത് നിങ്ങളാർക്കെങ്കിലും കൊടുക്കുന്നെങ്കിൽ അത് ദാനമേ അല്ല.** (മദർ തെരേസ)

# ധൈര്യവാനായ ആട്ടിടയൻ

ഒരു ഗ്രാമത്തിൽ ബുദ്ധിമാനായ ഒരു ആട്ടിടയൻ ജീവിച്ചിരുന്നു. അവൻ ഏകനും ദരിദ്രനുമായിരുന്നു. പ്രഭാതമാകുമ്പോൾ ആടുകളുമായി അവൻ കുന്നുകയറും. പ്രദോഷമാകുമ്പോൾ താഴ്വരയിൽ എത്തും. കാട്ടിലെ കനികളും പുഴവെള്ളവും ഉച്ചയ്ക്കുള്ള ഭക്ഷണമായിരുന്നു അവന്. രാത്രിയിൽ ആട്ടിൻ പറ്റത്തിന്റെ കൂട്ടത്തിൽ കിടന്നുറങ്ങും. അങ്ങനെയിരിക്കെ ഗ്രാമത്തിൽ ഒരു രാക്ഷസൻ പ്രത്യക്ഷപ്പെട്ടു. രാത്രികാലങ്ങളിലാണ് അവന്റെ ശല്ല്യം. ആടുമാടുകളെ പിടിച്ചു കൊണ്ടുപോകുക അങ്ങനെ നുറുകൂട്ടം. ശല്ല്യം സഹിക്കവയ്യാതായപ്പോൾ ഗ്രാമവാസികൾ ഒത്തുകൂടി. ഗ്രാമത്തലവൻ തലപുകഞ്ഞാലോചിച്ചു. രാക്ഷസനെ പിടിച്ചുകെട്ടുന്നവർക്ക് ഗ്രാമത്തിന്റെ പകുതി നൽകുന്നതായിരിക്കും. പാതയിലൂടെ വിളംബരം കൊട്ടി നടക്കുന്നത് ആട്ടിടയൻ കേട്ടു. ആട്ടിടയന് ഒരാഗ്രഹം തോന്നി, ഒന്നു പരീക്ഷിച്ചാലോ ? രാക്ഷസനെ കൊന്നാൽ തനിക്കു സുഖമായി കഴിയാം. ഒരു ദിവസം അവൻ ഗ്രാമത്തലവന്റെ അരികിലെത്തി. തന്റെ ആഗ്രഹം അറിയിച്ചു. 'മൊട്ടേന്നുവിരിഞ്ഞില്ല അതിനുമുമ്പേ പണത്തോടും അധികാരത്തോടുമുള്ള ആർത്തി നോക്കണേ. ഗ്രാമസഭയിൽ ഉണ്ടായിരുന്നവരിൽ ചിലർ അതൊന്നും ശ്രദ്ധിക്കാതിരുന്നു. ആട്ടിടയൻ ഗ്രാമത്തലവന്റെ മുമ്പിൽ ഉണർത്തിച്ചു. പ്രഭോ, അങ്ങ് അനുവദിക്കുന്ന പക്ഷം ഞാൻ രാക്ഷസനെ കൊല്ലാം അഥവാ ഞാൻ ചത്താൽത്തന്നെ എന്നെക്കുറിച്ചോർത്തു ദു:ഖിക്കാൻ ഈ ഭൂമിയിൽ ആരും ഇല്ലതാനും എങ്ങനെയാണ് കുട്ടി നീ രാക്ഷസനെ വകവരുത്തുന്നത് ? അങ്ങയുടെ അനുവാദവും അനുഗ്രഹവും മാത്രം മതി അതിന് ഞാൻ അനുവദിച്ചിരിക്കുന്നു. കുഞ്ഞേ, നിനക്കെന്തൊക്കെയാണ് വേണ്ടത് ? വാളോ, പടച്ചട്ടയോ, ആളോ, അർത്ഥമോ, എന്താണെന്നുവച്ചാൽ പറയൂ. എനിക്കൊന്നും തന്നെ വേണ്ട പ്രഭോ. അങ്ങയുടെ പ്രാർത്ഥന മാത്രം മതി എങ്കിൽ ദൈവം നിന്നെ രക്ഷിക്കട്ടെ! ഗ്രാമത്തലവൻ ആട്ടിടയനെ അനുഗ്രഹിച്ചയച്ചു. അവൻ രാക്ഷസന്റെ ഗുഹ ലക്ഷ്യമാക്കി നടന്നു. കുറേ നേരം നടന്നപ്പോൾ ഒരു പൊണ്ണൻ കല്ല് ചോദിച്ചു. ആട്ടിടയാ, ആട്ടിടയാ നീ എങ്ങോട്ടാ ഇത്ര ധൃതിയിൽ ? ഞാനോ, ഞാൻ രാക്ഷസനെ കൊല്ലാൻ പോവുകയാണ്. എങ്കിൽ ഞാനും കൂടി വരട്ടെയോ ? പോരൂ, പോരൂ. ആട്ടിടയനും പൊണ്ണൻ കല്ലും കൂടി നടന്നു. കുറെ ദൂരം ചെന്നപ്പോൾ വഴിയരുകിൽ കിടന്ന അഞ്ച് ചക്കക്കുരുകൾ ചോദിച്ചു. ആട്ടിടയനും പൊണ്ണൻ കല്ലുകൂടി എങ്ങോട്ടാണ് ? ഞങ്ങളോ ? ഞങ്ങൾ രാക്ഷസനെ കൊല്ലാൻ പോവുകയാണ്. ആട്ടിടയൻ പറഞ്ഞു. എങ്കിൽ ഞങ്ങളും കൂടി വരുന്നു പോരൂ, പോരൂ. ആട്ടിടയനും പൊണ്ണൻകല്ലും അഞ്ചു ചക്കക്കുരുവും കൂടി യാത്ര തുടർന്നു. അവർ രാക്ഷസന്റെ ഗുഹയിൽ എത്തി ചില രഹസ്യതീരുമാനങ്ങൾ എടുത്തു. പൊണ്ണൻ കല്ല് ഗുഹയുടെ മുകളിൽ കയറി ഇരിപ്പുറപ്പിച്ചു. ചക്കക്കുരുക്കൾ അഞ്ചും കൂടി അടുപ്പിനകത്തും ഒളിച്ചിരുന്നു. ആട്ടിടയൻ ഗുഹയിൽ കയറി. അവിടെ ഉണ്ടായിരുന്ന പഴവും മറ്റ് ആഹാരപദാർത്ഥങ്ങളും വയറ്റിലാക്കിയശേഷം സുഖമായി കിടന്നൊന്നുറങ്ങി. എന്തോ ശബ്ദം കേട്ടാണ് ആട്ടിടയൻ ഉണർന്നത്. ഇരുൾ വ്യാപിച്ചിരുന്നു. ആട്ടിടയന് ഭയം തോന്നി. പെട്ടെന്ന് എന്തോ വലിച്ചിഴച്ചുകൊണ്ട് രാക്ഷസൻ വരുന്നതവൻ കണ്ടു. അഞ്ചെട്ടു മനുഷ്യക്കുഞ്ഞുങ്ങളെ കെട്ടി വലിച്ചുകൊണ്ടുള്ള രാക്ഷസന്റെ വരവായിരുന്നു അത്. അതുകണ്ടപ്പോൾ ആട്ടിടയന്റെ ഭയം പമ്പകടന്നു. പകരം പകതോന്നി രാക്ഷസൻ കയറി വന്നപാടെ പഴവും മറ്റും നോക്കി. ഒന്നും കാണാനില്ല. അവൻ മനുഷ്യന്റെ മണം പിടിച്ചുനോക്കിയശേഷം വലിയ ഒരു പാത്രത്തിൽ വെള്ളം ഒഴിച്ച് അടുപ്പിൽ വച്ചു തീകത്തിച്ചു റെഡി എന്ന് ആട്ടിടയൻ അലറി. പെട്ടെന്ന് ചക്കക്കുരുക്കൾ ഒന്നിനുപിറകെ ഒന്നായി പൊട്ടിത്തെറിച്ചു. അലർച്ചയും പൊട്ടിത്തെറിയും കേട്ടു ഭയന്നുപോയ രാക്ഷസൻ എഴുന്നേറ്റ് പുറത്തേക്കോടാൻ ഭാവിച്ചു. ഗുഹയുടെ വാതിൽക്കൽ എത്തിയ നിമിഷം നമ്മുടെ പൊണ്ണൻ കല്ല് കൃത്യം രാക്ഷസന്റെ തലയിൽ വന്നു വീണു. ദുഷ്ടനായ രാക്ഷസന്റെ കഥയും തീർന്നു. ഗ്രാമത്തിൽ തിരിച്ചെത്തിയ ആട്ടിടയന് ഗംഭീര സ്വീകരണമാണ് ലഭിച്ചത്. ധൈര്യവാനും ബുദ്ധിമാനുമായ അവർ ഗ്രാമത്തിന്റെ പകുതിയിൽ പിന്നീട് ഭരണം നടത്തി സുഖമായി കഴിഞ്ഞു.

*ഗുണപാഠം:*

*പ്രവർത്തിക്കാത്ത മനുഷ്യനെ*
*ദൈവം സഹായിക്കുകയില്ല.*

അബിൻ ഡേവിഡ് (8-സി)



# പരിസ്ഥിതി മലിനീകരണം
## എങ്ങനെ തടയാം ?

ദൈവം നമുക്ക് കനിഞ്ഞുനൽകിയ വരമാണ് പരിസ്ഥിതി. ഭൂമിയുടെ ഒരു വരദാനം കൂടിയാണ് പരിസ്ഥിതി. നാം പരിസ്ഥിതി ദിനമായി ആചരിക്കുന്ന ദിവസമാണ് ജൂൺ 5 മണ്ണ്, വായു, ജലം, ശബ്ദം എന്നിവയെല്ലാം പരിസ്ഥിതിയിൽ ഉൾപ്പെട്ടതാണ്.

മനുഷ്യന്റെ ഓരോ പ്രവർത്തികളും നമ്മുടെ പരിസ്ഥിതിയെ മലിനമാക്കി കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിയെ മലിനമാക്കുന്ന മനുഷ്യൻ തന്നെയാണ് അവസാനം അതിന്റെ ഭവിഷ്യത്ത് അനുഭവിയ്ക്കുക. പരിസ്ഥിതി മലിനമാകുന്നതോടെ മനുഷ്യരിൽ അസുഖവും ഏറിവരുന്നു.

വ്യവസായശാലകളിൽ നിന്നു പുറത്തുവിടുന്ന അശുദ്ധമായ വായുവും, മലിനമായ ജലവും പ്ലാസ്റ്റിക്കുകളും എല്ലാം പരിസ്ഥിതിയെ മലിനമാക്കുന്നു. ദിനംതോറും പരിസ്ഥിതിയെ മലിനമായ ജലവും, പ്ലാസ്റ്റിക്കുകളും എല്ലാം പരിസ്ഥിതിയെ മലിനമാക്കുന്നു. ദിനംതോറും പരിസ്ഥിതി മലിനീകരണം ഏറിവരികയാണ്

ഒരു വിദ്യാർത്ഥിയെന്ന നിലയ്ക്ക് നമുക്ക് കഴിയാവുന്ന അത്രയും നാം നമ്മുടെ പരിസ്ഥിതിയെ രക്ഷിക്കണം. പരിസ്ഥിതിയെ സംരക്ഷിക്കാൻ വേണ്ടിയുള്ള ബോധം ആളുകളിൽ ഉണർത്തിപ്പിയ്ക്കുക.

സെമിനാറും റാലിയും നടത്തുക.

പരിസ്ഥിതിയെ രക്ഷിക്കാനുള്ള പദ്ധതികൾ നോട്ടീസിലും പോസ്റ്ററിലൂടെയും ആളുകളിൽ എത്തിയ്ക്കുക. അങ്ങനെ പല വിധത്തിലും നമുക്ക് പരിസ്ഥിതിയെ രക്ഷിക്കാം. നാം ഭൂമിയുടെ മക്കളാണ്. പരിസ്ഥിതി നമ്മുടെ എല്ലാവരുടേയും ആണ്. അതുകൊണ്ട് പരിസ്ഥിതിയെ രക്ഷിക്കേണ്ട ചുമതല നമ്മുടേതാണ്. അതിനാൽ ഇന്നുതന്നെ പ്രയത്നിച്ചു തുടങ്ങുക.

നിസീമ അലിഹസ്സൻ
8-ഡി



# ലോക റിക്കാർഡുകൾ

### പിരമിഡുകളിൽ കേമൻ
കിറ്റ്സാൽകോട്ട്ൽ പിരമിഡാണ് ഏറ്റവും വലുത്. മെക്സിക്കോ നഗരത്തിന് തെക്ക് കിഴക്ക് 101 കിലോ മീറ്റർ അകലെയായി മൊലുലാദെറിവാദേവിയ എന്ന സ്ഥലത്താണ് ഈ പിരമിഡ് ഉള്ളത്. ഇതിന്റെ അടിത്തറയ്ക്ക് 18.2 ഹെക്ടർ വിസ്തീർണ്ണമുണ്ട്. ഉയരം 54 മീറ്റർ.

### വലിയ റോസാപ്പൂന്തോട്ടം
ഏറ്റവും വലിയ റോസാപ്പൂന്തോട്ടം ഇറ്റലിയിലെ കാവ്റിഗ്ലിയയിലുള്ള റോസെറ്റോ ദി കാവ് റിഗ്ലിയയിലുള്ളതാണ്. 7500 ലധികം ഇനത്തിൽ പെട്ട റോസാപ്പൂക്കൾ ഇവിടെയുണ്ട്.

### ഏറ്റവും വലിയ ടയർ
മൈക്കലിൻ ടയർ കമ്പനി നിർമ്മിച്ച 4 മീറ്റർ ഉയരവും 4 ടൺ ഭാരവുമുള്ള ടയറാണ് ലോകത്തിൽ ഏറ്റവും വലുത്. ഭീമാകാരന്മാരായ ട്രക്കുകളിലാണ് ഈ ടയറുകൾ ഉപയോഗിക്കുന്നത്.

### ഏറ്റവും കുറച്ച് അക്ഷരങ്ങളുള്ള ഭാഷ
റോട്ടോക്കസ് ഭാഷയിലാണ് ഏറ്റവും കുറച്ച് അക്ഷരങ്ങളുള്ളതത്. പാപ്പുവന്യൂഗിനിയയിലെ ബോഗെൻവില്ലെ ദ്വീപിൽ ഉപയോഗത്തിലിരിക്കുന്ന ഈ ഭാഷയിൽ ആകെ പതിനൊന്ന് അക്ഷരങ്ങളേയുള്ളു. എ.ബി., ഇ.ജി, ഐ, കെ, ഒ, പി, ആർ, ടി, യു എന്നീ അക്ഷരങ്ങൾ!

### വലിയ ഹിന്ദുക്ഷേത്രം
ഇന്നും ഉപയോഗത്തിലിരിക്കുന്ന ഏറ്റവും വലിയ ഹിന്ദുക്ഷേത്രം ശ്രീരംഗം ക്ഷേത്രമാണ്. തമിഴ് നാട്ടിലെ തിരുച്ചിറപ്പിള്ളിയിലുള്ള ഈ വിഷ്ണുക്ഷേത്രം 63.1 ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്നു.

### ഏറ്റവും വലിയ കപ്പൽ
ലോകത്തിലെ ഏറ്റവും വലിയ കപ്പലാണ് ജാഹർ വൈക്കങ്ങ്. 458.45 മീറ്റർ നീളമുള്ള ഈ കപ്പലിന് കേവുഭാരം 564763 ടൺ ആണ്.

### ഏറ്റവും കൂടുതൽ ഭാഷകളറിയാവുന്ന ആൾ
ഏറ്റവും കൂടുതൽ ഭാഷകളിയാവുന്നത് അമേരിക്കകാരനായ ഗ്രെഗ് എം. കോക്സാണ് ! അറുപത്തിനാലു ഭാഷകൾ ഇദ്ദേഹത്തിന് വായിക്കാനും എഴുതാനും സാധിക്കും.

### ഏറ്റവും നീളംകൂടിയ സ്ഥലപ്പേര്
''ക്രൂംങ് തേഫ് ഫ്രാമാ ഹാനാഖോൻ ബോവോൻ രത്തനാ കോസിൻ മാഹിൻ താരായുതായോ മഹാദിലോക്ഫി ഫോബ് നോവ് ഫാറാദ് രദ്ചതനി ബുറിറോം ഉദോം ശൻന്തി സുഗ്''. ഇതൊരു സ്ഥലത്തിന്റെ പേരാണ്. തായ്‌ലന്റിന്റെ തലസ്ഥാനമായ ബാങ്കോക്കിന്റെ ഔദ്യോഗികനാമമാണിത്! ഈ നെടുനെടുങ്കൻ പേരിൽ 167 അക്ഷരങ്ങളുണ്ട്.

### കൂടുതൽ കാലം ജീവിച്ചിരുന്ന വനിത
ഫ്രഞ്ചുകാരിയായ ഴീൻ ലൂയിസ് കൽമെന്റാണ് കൂടുതൽ കാലം ജീവിച്ചിരുന്ന വനിത. 1875 ഫെബ്രുവരി 21-ന് ജനിച്ച ഇവർ മരിക്കുമ്പോൾ 122 വർഷവും 163 ദിവസവും പ്രായമുണ്ടായിരുന്നു.

### വിലകൂടിയ ഫോൺ നമ്പർ
8888-8888 എന്ന നമ്പരാണ് ഏറ്റവും വിലകൂടിയ ടെലിഫോൺ നമ്പർ. ചൈനയിലെ സിച്ചുമാൻ എയർ ലൈൻ കമ്പനിയെ പ്രതിനിധീകരിച്ച വ്യക്തിയാണ് 280723 ഡോളറിന് ഈ നമ്പർ സ്വന്തമാക്കിയത്.

### ഏറ്റവും ഉയരം കൂടിയ മനുഷ്യൻ
അമേരിക്കക്കാരനായ റോബർട്ട് പെർഷിംഗ് വാഡ്‌ലോവാണ് ലോകത്തിലെ ഏറ്റവും ഉയരംകൂടിയ മനുഷ്യൻ. 272 സെന്റിമീറ്ററാണ് വാഡ്‌ലോവിന്റെ ഉയരം. വാഡ്‌ലോവിന്റെ കൈകൾക്ക് 32.3 സെന്റിമീറ്ററും പാദങ്ങൾക്ക് 47 സെന്റിമീറ്ററും നീളുമുണ്ടായിരുന്നു. 1940-ൽ റോബർട്ട് വാഡ്‌ലോവ് അന്തരിച്ചു.

### ഉയരം കുറഞ്ഞ മനുഷ്യൻ
ഇന്ത്യാക്കാരനായ ഗുൽ മുഹമ്മദാണ് ഏറ്റവും ഉയരം കുറഞ്ഞ മനുഷ്യൻ ഇദ്ദേഹത്തിന് വെറും 57.5 സെന്റി മീറ്ററാണ് ഉയരം.

### ഏറ്റവും സമ്പന്നൻ
അമേരിക്കകാരനായ ബിൽഗേറ്റ്സിനാണ് ഈ റെക്കോഡ്. കമ്പ്യൂട്ടർ സോഫ്റ്റ്‌വേർ കമ്പനിയായ മൈക്രോസോഫ്റ്റ് കോർപ്പറേഷൻ ചെയർമാനും ചീഫ് സോഫ്റ്റ്‌വേർ ആർക്കിടെക്റ്റുമായ ഇദ്ദേഹത്തിന് ആസ്തി 460000 കോടി ഡോളറാണ്.

### ഏറ്റവും വലിയ കമ്പനി
ആസ്തികളുടെ അടിസ്ഥാനത്തിൽ, ലോകത്തിലെ ഏറ്റവും വലിയ കമ്പനി അമേരിക്കയിലെ ബഹുരാഷ്ട്ര വാഹനനിർമ്മാതാക്കളായ ഫോർഡ് മോട്ടോർ കമ്പനിയാണ്. ഈ കമ്പനിയുടെ ആകെ ആസ്തി 31179.1 കോടി ഡോളറാണ്.

### കൊട്ടാരങ്ങളിൽ വമ്പൻ
ചൈനയിലെ ബീജിങ്ങിലുള്ള ഇംപീരിയൽ കൊട്ടാരമാണ് ഏറ്റവും വലുത്. ഇത് 72 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്നു.

### ഉയരംകൂടിയ കെട്ടിടം
തായ്പെയ് 101. ലോകത്തിലേറ്റവും ഉയരംകൂടിയ കെട്ടിടമാണിത്. തായ്‌വാന്റെ തലസ്ഥാനമായ തായ്പെയിലാണ് ഈ കെട്ടിടമുള്ളത്. 508 മീറ്ററാണ് ഇതിന്റെ ആകെ ഉയരം. മലേഷ്യയിലെ ക്വാലാലംപൂരിലുള്ള പെട്രോണാസ് ഇരട്ട ടവറുകളാണ് ഉയരത്തിൽ രണ്ടാം സ്ഥാനം. ആകെ ഉയരം 452 മീറ്റർ.

വിഷ്ണു ജയകുമാർ (10-ഡി)

# പ്രശസ്തരുടെ തൂലികാനാമങ്ങൾ

ശിൽപ്പ എസ്. (4-ബി)

| തൂലികാനാമം | | പേര് |
|---|---|---|
| 1. അഭയദേവ് | - | അയ്യപ്പൻപിള്ള |
| 2. അക്കിത്തം | - | അച്ചുതൻ നമ്പൂതിരി |
| 3. അയ്യനേത്ത് പി | - | ഏ.പി. പത്രോസ് |
| 4. ആഷാ മേനോൻ | - | കെ. ശ്രീകുമാർ |
| 5. ആനന്ദ് | - | പി. സച്ചിദാനന്ദൻ |
| 6. ഇടമറുക് | - | ടി.സി. ജോസഫ് |
| 7. ഇന്ദുചൂടൻ | - | കെ.കെ. നീലകണ്ഠൻ |
| 8. ഉറൂബ് | - | പി.സി. കുട്ടികൃഷ്ണൻ |
| 9. എൻ.കെ. ദേശം | - | എൻ. കുട്ടികൃഷ്ണപിള്ള |
| 10. ഏകലവ്യൻ | - | കെ.എ. മാത്യൂസ് |
| 11. ഏവൂർ സി.കെ. | - | സി.കെ. മാധവൻ നായർ |
| 12. ഓം ചേരി | - | എൻ. നാരായണപിള്ള |
| 13. കാക്കനാടൻ | - | ജോർജ്ജ് വർഗീസ് |
| 14. കോവിലൻ | - | വി.വി. അയ്യപ്പൻ |
| 15. ചെറുകാട് | - | ഡി. ഗോവിന്ദ പിഷാരടി |
| 16. തിക്കൊടിയൻ | - | പി. കുഞ്ഞനന്തൻ നായർ |
| 17. പവനൻ | - | പി.വി. നാരായണൻ നായർ |
| 18. പാറപ്പുറം | - | കെ.ഇ. മത്തായി |
| 19. പ്രേംജി | - | എം.പി. ഭട്ടതിരിപ്പാട് |
| 20. പാലാ | - | പാലാ നാരായണൻ നായർ |
| 21. നന്തനാർ | - | പി.സി. ഗോപാലൻ |
| 22. വിക്രമൻ | - | സി.ആർ. കേരളവർമ്മ |
| 23. ബോധേശ്വരൻ | - | കേശവപിള്ള |
| 24. മാടമ്പുകുഞ്ഞുക്കുട്ടൻ | - | പി. ശങ്കരൻ നമ്പൂതിരി |

| തൂലികാനാമം | | പേര് |
|---|---|---|
| 25. വിലാസിനി | - | എം. കുട്ടികൃഷ്ണ മേനോൻ |
| 26. മാലി | - | വി. മാധവൻ നായർ. |
| 27. എസ്.കെ. പൊറ്റക്കാട് | - | ശങ്കരൻകുട്ടി പൊറ്റക്കാട് |
| 28. സുമംഗല | - | ലീലാ നമ്പൂതിരിപ്പാട് |
| 29. സേതു | - | എം. സേതുമാധവൻ |
| 30. സഞ്ജയൻ | - | എം. രാവുണ്ണി നായർ |
| 31. സെക്കോ | - | ഇ. മുഹമ്മദ് |
| 32. സിരി | - | രവിവർമ്മത്തമ്പുരാൻ |
| 33. ഒളപ്പമണ്ണ | - | സുബ്രഹ്മണ്യൻ നമ്പൂതിരി |
| 34. ഇടശ്ശേരി | - | ഗോവിന്ദൻ നായർ |
| 35. പി. | - | പി. കുഞ്ഞിരാമൻ നായർ |
| 36. കുറ്റിപ്പുറം | - | കുറ്റിപ്പുറത്ത് കേശവൻ നായർ |
| 37. വെണ്ണിക്കുളം | - | വെണ്ണിക്കുളം ഗോപാലക്കുറുപ്പ് |
| 38. എൻ.വി. | - | എൻ.വി. കൃഷ്ണവാര്യർ |
| 39. കാവാലം | - | നാരായണപ്പണിക്കർ |
| 40. നാലാപ്പാട് | - | നാരായണമേനോൻ |
| 41. കെ.എം. പണിക്കർ | - | കെ. മാധവപ്പണിക്കർ |
| 42. വിനയൻ | - | വി.എം.എൻ. പണിക്കർ |
| 43. മലയാറ്റൂർ | - | കെ.വി. രാമകൃഷ്ണൻ |
| 44. പാക്കനാർ | - | ഉണ്ണികൃഷ്ണൻ പുത്തൂർ |
| 45. ടി.എൻ | - | ടി.എൻ. ഗോപിനാഥൻനായർ |
| 46. രേവതി | - | ടി.ആർ. ശങ്കുണ്ണി |
| 47. കുറ്റിപ്പുഴ | - | കുറ്റിപ്പുഴ കൃഷ്ണപിള്ള |

# 'मिन्नू' मेरी दोस्त

आज फिर एक जातिफल का पेड को देखकर मुझे मिन्नु की याद आती । मिन्नु मेरे पडोस की बिल्ली थी । वो पूरा सफेद सा की थी और इतनी प्यारी थी कि सबको वह पसन्द थी । पहले मुझे मिन्नू से नफरत थी। वो मेरे घर में सदा घुसती थी और हर जगह रहती थी। मूझे पता नही कि कब हमारी बींच दोस्ती बन गयी। उसे 'मिन्नु' नाम मैं ने ही दिया था। मेरी आवाज़ सूनते ही, मिन्नू जहाँ भी हो माताकर मेरे पास आती थी । मिन्नु को मछली बहुत पसंन्द थी।

मेरे स्कूल जाने पर मिन्नू पडोस के घर जाती और मेरे घर लौटने पर ही लौट कर आती थी । जब मैं उदास होती तब वो चुप - चाप मेरे पास बैठती थी। ऐसा लगता था कि वो सब समझाती है । मिन्नू मेरे समझदार मित्र बन गयी । उसके साथ रहने पर मैं मेरी सब तनाव भूल जाती थी।

बारिश आनेपर मिन्नू को बाहर जाना मुश्किल हो गयी। वो दिन भर घर में ही रहने लगीं । तब तो उसको मेरा स्कूल जाना भी पसन्द नहीं था। वो उदास रह जाती थी।

बारिश के बाद फिर बसंत ऋतु आयी और मिन्नू अब तो तीन साल की होगयी। मिन्नू फिर बाहर अपने दोस्तों के साथ खेलने लगी। एक दिन मैं मिन्नू को ढूँढ रही थी । वो कही दिखाई नहीं दी रही थी । मैं ने घरवालों से और पडोसियों से पूछा लेकिन किसीने भी मिन्नू को नहीं देखा। अचानक मैं ने अपने बगीचे से एक आवाज सुनी। मैं बगीचे में गयी तो जातिफल के पेड में मिन्नू बैठ कर रोती दिखाई दी। वो तो पेड की इतनी उँची शाखा में बैठी थी कि मैं कुछ कर नही सकती और मिन्नू भी अपने आप नीचे चढ नहीं पा रही थी। मैं ने घरवालों को और पडोसियों को बुलाया । सब आगये और चकित रह गयें । अब तो उतर नहीं सकती तब इतनी ऊँची पेड़ में वो चढ़ी कैसे? फिर मेरी एक पडोसी ने सीढ़ी लायी और उसपर चढ़कर मिन्नू को नीचे लायी। मैं ने उसे प्यार से छूआ और कहा - " तुमने मुझे कितना डराया । वो तो अपने आप इतनी डर गयी थी कि रोती रहीं । इस धटना के बाद मैं मिन्नू को ज्यादा ध्यान देती थी।'

तीन महिनें बाद मेरे पिताजी को कोयंब्बत्तूर में तबादला हो गया । मुझे मिन्नू को छोड़कर जाना पड़ा। मेरे बिदाई के अवसर पर मैं ने उसे एक छोटी सी घंटी दि थी। हमारे जुदाई के समय बारिश जैसे मेरे आखों से आँसू आ रही थी । उस दिन के बाद आज तक मैं ने मेरे मिन्नू को नहीं देखा । मैं ने मेरे पुरानी पड़ोसी से मिन्नू की पूछ-ताछ की तो उनको भी पता नहीं कि मिन्नू कहाँ गयी । मैं अब भी आशा करती हूँ कि काश मिन्नू मेरे साथ होती।।

**Namitha Menon**
XB

# विद्यार्थी - जीवन

जो विधा की भीख माँगता है वही विद्यार्थी है। जब विद्यार्थी किसी विद्या - धन से संपन्न गुरु के पास पहूँचे तभी उसकी विघा की भूख शान्त होती है। जो गुरु इस धन के वितरण में समर्थ हो, वे ही सच्चे आचार्य माने जा सकते।

विद्यार्थियों को गुण और अवगुण का भेद जानकर केवल गुण को ही स्वीकार करना चाहिंए। जो जितना ही विनम्र, आज्ञाकारी और स्थिर स्वभाव का है, वह उतना ही अधिक सीख सकता है । उसमें पढ़ने - लिखने की निष्ठा और बडों के प्रति सम्मान का भाव होना चाहिए। विद्यार्थी को सरलता और सादगी पर अधिक ध्यान देना ज़रूरी है। उसे स्वावलंबी बनाना आवश्यक है। कपडे स्वयं साफ़ करना, व्यायाम करना और रोज़ अपने पाठ उसका कर्तव्य है । सच्चा विद्यार्थी समय का मूल्य जानकर उसका सदुयोग करता है। परिश्रमी विद्यार्थी ही जीवन में उन्नति कर सकता है।

विद्यार्थियों की अनुशासन हीनता आज की सबसे बडी समस्या है । अध्यापकों और बडों का वे आदर नहीं करते। परीक्षा में चोरी करने में उन्हें कोई संकोच नहीं । विधा के प्रति उनके मन में सच्चा अनुराग नहीं है। किसी न किसी प्रकार परीक्षा पास करना मात्र उनका लक्ष्य है।

आज बहुत से विद्यार्थी राजनीति में भाग लेकर अपना समय नष्ट करते हैं । विद्यार्थी जीवन विघा आर्जित करने का समय है। इसलिए राजनीति में भाग लेकर कभी उन्हें अपना अमूल्य समय नष्ट नहीं करना चाहिए।

विद्यार्थी- जीवन में सबसे अधिक आनंद और उत्साह का समय है। उस समय उनका जीवन निश्चित और स्वतंत्र रहता है। विघा आर्जित करने के अलावा उनका और कोई कर्तव्य नहीं रहता। माता - पिता उनकी हर तरह की आवश्यकताओं की पूर्ति कलिए सदा तैयार रहते हैं। विद्यार्थी - जीवन का सदुपयोग करनेवाले भविष्य में महान बन जाते हैं। विद्यार्थी - जीवन भावी जीवन का सिंहद्वार है। जीवन का सुवर्णकाला भी यही है।

**अर्जुन आर कृष्ण**
IX A

# प्रार्थना

हे भगवान हे भगवान
हम बच्चे तेरे नादान
पढ़-लिखकर हम बने महान
एसा दो हमको वरदान

# मछली

मछली जल की रानी है
जीवन उसका पानी है।
हाथ लगाआगे तो डर जायेगी
बाहर निकालोगे तो मर जायेगी।

# नन्हा चूहा

पानी की टंगी पर चढ़कर
नन्हा चूहा बोला
बिल्ली मौसी अब मत समझो
हमको इतना मोला।

# आलू कचालू

आलू कचालू बेटा कहाँ गये थे?
बैंगन की टोकरी में सो रहे थे।
बैंगन ने लात मारी में रहे थे।
मम्मी ने प्यार किया हँस रहे थे।

# बिल्ली मौसी

बिल्ली मैसी बड़ी उदास
लगता कोई खास है बात
कई दिनों से कुछ न खाया
चूहा कोई पास न आया।

# रेलगाड़ी

छुक- छुक करती चलती रेल
यहाँ - वहाँ पहुँचाती रेल
सीटी देकर हमें बुलाती
छूटे तो फिर हाथ न आती

# चिड़िया रानी

चिड़िया रानी बड़ी सयानी
दिनभर करती बनमाली
फुदक फुदक कर गाती है
दाना चुनकर खाती है।

**Sethulakshmi**
VIII A

# पूजा का रहस्य

रमेश सातवीं कक्षा का एक विघार्थी था। पिछले कुछ दिनों से स्कूल जाने के पहले वह सरस्वती मंदिर जरूर जाता था। बाल पिछली सभा में प्रिंसिपल ने बताया था कि सरस्वती विघा की देवी है और जिन विद्यार्थियों पर उनकी कृपा रहती हैं वे विद्वान बन जाँएगे।

यदि सरस्वतिजी उन पर प्रसन्न हो जाए तो वह पुस्तकों में सिर्फ खपाए बिना ही विद्वान बन जाएगा यह सोचकर रमेश ने रोज़ मंदिर जाना शुरु किया । वह काफी समय मंदिर में पूजा करता था। उसे विस्वास था। उस की देवी उस पर प्रसन्न होगी। इसलिंए उसने अब पढाई भी बंदकर दी। कक्षा में प्रथम आनेवाले रमेश अब पिछी रह गया। रमेश की इस हालत से उसके मम्मी - पापा और उसके मास्टर ने उसे बुलाकर बात पूछा तो कुछ नहीं बोले । इसलिंए मास्टर ने कुछ कहना ही बंद कर दिया । उसे पूरी आशा थी कि वह देवी की कृपा से सबसे अधिक अंक प्राप्त करेगा।

परीक्षा हो गयी । परिणाम भी निकला । पर सरसतीजी ने कोई चमत्तार नहीं किया । हमेशा कक्षा में प्रथम आते वाला रमेश अब बडी मुश्किल से पास हो गाया। वह समझ नहीं पा रहा था कि उसकी पूजा में कया कमी आई। परीक्षा का परिणाम देखकर उसकी मम्मी बहुत परेशान थी। रमेश इस का दोषी प्रिंसिपल को ठहरा रहा था।

रमेश इस के बारे में प्रिसिंपल के पास जाकर बात करनी है सोचकर एक दिन वह प्रिसिंपल के पास गया। उसने प्रिसिपल से पूछा, सर आपने अपने भाषण में सरस्वतीजी को विघा की देवी बताया था। क्या यह ठीक है?

हाँ, बेटा विघा की देवी सरस्वतीजी हैं जिस पर वे खुश हो जाए वह विद्वान बन सकता है उन्होनें रमेश को समझाया।

पर, सर मैं तो पढाई लिखाई खेलकूद सब छोडकर सरस्वती की पूजा कर रहा हूँ रोज मंदिन भी जाता हूँ। पर उसका फल मुझे क्यों नहीं मिला? कक्षा में हमेशा पहले स्थान पर रहने वाला मैं इस बार परीक्षा में बडी मुश्किल के पास हो गाया हूँ । क्या इस तरह सरस्वतीजी विघार्थियों को विद्वान बनाती है?

बेटा तुम एक बात भूल गए हो कि सरस्वती ज्ञान की देवी है और उनका वास पुस्तकों में हैं। जितना समय तुम मंदिर जाकर पूजा करने में बिताते थे, उसका आधा समय यदितुम पुस्तकों पढने में बिताते, तो आज तुम्हारा यह हाल न होता। पुस्तकें पढना ही सरस्वती केलिए असली पूजा है।

प्रिसिपल की बातें सुनकर रमेश को उसकी गलती का अहसास हुआ। वह उन्हे धन्यवाद देकर उनकी कक्षा से बाहर आ गया।

उसी दिन से रमेश पढाई में जी जान से जुट गया। वार्षिक परीक्षा में उसने प्रथाम स्थान प्राप्त किया।

**Swathy.K.S**
STD X B

# एकता का फल

कावेरी नदी के किनारे पर एक जंगल था। एक दिन शिकारी अपना जाल लेकर उस जंगल में गया। एक जगह पर उसने चावल के दाने छिड़के । उन पर जाल विधाय । थोड़ी दूर गया। झोड़ों के बीच छिपकर देखने लगा।

थोड़ी देर में आसमान में कबूतरों का एक झुडं उड़ता हुआ आया। कबूतरों ने चावल के दाने देखे । उनके मन में लालच पैदा हुआ। नीचे उतरना चाहा। लेकिन उनमें उनका मुखिया भी थी। उसका नाम सोमदेव था। उसने बाकी कबूतरों से कहा - "इतने घने जंगल के बीच चावल के दाने कैसे आये? यह सोचने की बात है। बिना सोये उतरेंगे तो विपत्ति में फँस जायेंगे।

यह सुनकर एक छोटा कबूतर ने कहा -" क्या हम खाने के लिए भी आज़ाद नहीं है? इतनी छोटी बात में भी संदेह करते है, तो जीना मुशिकल हो जाएग। इसलिए हमको यह चावल खाना चाहिए"। उसकी बात मानकर सब कबूतर नीचे उतरे और जाल में फँस गये। तब सभी कबूतर उसकी निंदा करने लगे।

सोमदेव ने कहा........ "विपत्ति के समय में ही घर्थ से रहना है। किसीकी निन्दा करने से बिपत्ति दूर नहीं होगी। अब तुम सब एक मन से जाल को लेकर उड़ो। में बचने का उपाय सोचेंगे'' यह सुनकर सभी कबूतर एक साथ जाल लेकर ऊपर उड़े । बेचारे शिकारी ने कुछ दूर तक उनका पीछा किया। लेकिन कबूतर आँखों से ओसल हो गये। वह निराश होकर घर चला गया।

कबूतर जाल को लेकर उड़ते - उड़ते एक नदी के किनारे पर पहूँचे। सोमदेव ने उन्हें वहाँ उतरने को कहा। वे निचे उतरे । वहाँ सोमदेव का एक दोस्त चूहा बिल बनाकर रहता था । मित्र की आवाज़ सुनकर चुहा बाहर निकला । मित्र को देखकर चुहा खुश हुआ। उसने अपने अपने पैने दाँतो से जाल को काटा। सब कबूतर आज़ाद हुए।

यह है एकता का फल।

**Akhil. M. G**
STD X B

## कविता

# माँ! जगत की माँ

तन -मन समर्पित

आन-मन समर्पित

चाहती हूँ जगत की माँ

तेरे चरणों पर कुछ और भी दूँ

धरती का सार हो तू

जगती का सा है तू

बिना चरणों पर कुछ और भी हूँ

संत्वना है आश्वास है तू।

सेवा हैं स्नेह है तू

त्याग है, तपस्या है माँ

तेरे चरणों पर कुछ और भी दूँ

**Abraham P. John**
VII B

# पहेलियाँ

१. रस्सी का मैं साथी हूँ।
कुएँ में आया जाया करती हूँ।

२. दिन को सोए रात को रोए।
जितना रोए उतना खोए।

३. कोना मेरा घर ही रे।
कचरे का मैं घर हूँ रे।

४. होती हूँ मैं लंबी लंबी।
सुई मेरा साथी है।

५. साफ करना मेरा काम।
घर का कोना मेरा धाम।

६. जलती हूँ पर दीप नहीं।
खाना पकाना मेरा काम।

७. साँप नहीं पर लंबी हूँ।
बनती हूँ मैं रेरो से।

८. सबको कपडा पहनाती।
खुद तो नंगी रहती हूँ।

९. बिछा दो मुझे पलंग पर।
आराम करो, सुनींद पाओ।

१०. मैं बैठूँगी सिर के ऊपर
मुझमें बैठे कूडे -कचरे।

## उत्तर

| | | | |
|---|---|---|---|
| १. | बाल्टी | ६. | चूल्हा |
| २. | मोंमबत्ती | ७. | रस्सी |
| ३. | कुडेतान | ८. | सूई |
| ४. | रुई | ९. | बिस्तर |
| ५. | झाड़ू | १०. | टोकरी |